**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2828** **13-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ തൂണേരി വേറ്റുമ്മൽ ടെയിൽ -എൻഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള തൂണേരി-വേറ്റുമ്മൽ ടെയിൽ എൻഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ തൂണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്ത് നിന്നാണ് ടെയിലെന്റ് ഡിസ്ട്രിബ്യൂട്ടറി കനാൽ ആരംഭിക്കുന്നത്. പ്രസ്തുത കനാലിനുവേണ്ടി ചെയിനേജ് 4/250 കി.മീറ്റർ ദൂരം വരെ സ്ഥലം ഏറ്റെടുത്ത് ചെയിനേജ് 2/000 കി.മീറ്റർ വരെ കനാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കരിങ്കൽ ഫ്ലൂം തകർന്നിട്ടുള്ളതിനാൽ അതിലൂടെ ജലവിതരണം സാധ്യമായിട്ടില്ല. കനാൽ പൂർണ്ണമായും സർവ്വേ ചെയ്താൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കനാൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. കനാൽ ഭൂമി സർവ്വേ ചെയ്യുന്നതിനായി വടകര തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി പൂർത്തീകരണത്തിന് വേണ്ടി എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (ബി) | പ്രവൃത്തിക്കായുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സർവ്വേ ചെയ്യുന്നതിനുള്ള അപേക്ഷ വടകര തഹസിൽദാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി കായപ്പനച്ചി വരെ നീട്ടാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) | സർവ്വേ നടപടികൾ പൂർത്തീയായതിനുശേഷം പ്രസ്തുത പദ്ധതി കായപ്പനച്ചി വരെ നീട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ